ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഈ വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. അന്തിമ തീരുമാനമായിട്ടില്ല.

(ഡി) എടുക്കുന്നതാണ്.

(ഇ) സിസ്റ്റർ മേരി ഫ്രാൻസിസിന്റെ അവധിക്കാര്യത്തിൽ അന്തിമ തീരുമാനം എടുത്തശേഷം ഈ വിഷയം പരിഗണിക്കുന്നതാണ്.

119 (511) ചെങ്ങന്നൂർ എഞ്ചിനീയറിംഗ് കോളേജിന്റെ പണി

ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ എഞ്ചിനീയറിംഗ് കോളേജിന്റെ പണി എന്ന് പൂർത്തിയാക്കാൻ കഴിയും;

(ബി) പണി തീരാത്തതുമൂലം കോളേജിനുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കോളേജിന്റെ ഹോസ്റ്റൽ നിർമ്മിക്കുന്ന പ്രൊപ്പോസൽ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) എഞ്ചിനീയറിംഗ് കോളേജ് കെട്ടിട നിർമ്മാണത്തിന്റെ ആകെ തുക എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പതിനെട്ട് മാസം കൊണ്ട് പണി പൂർത്തിയാകും എന്ന് പ്രതീക്ഷിക്കുന്നു.

(ബി) ബുദ്ധിമുട്ടുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള കരാർ നൽകിയ കരാറുകാരൻ നിശ്ചിത സമയത്തിന് പണി തുടങ്ങിയിട്ടില്ലാത്തതിനാൽ പ്രസ്തുത കരാർ റദ്ദു ചെയ്യാനും പുതിയ കരാർ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) 3,34,51,717/-രൂപ ഇന്നേവരെ ചെലവായിട്ടുണ്ട്.

120 (514) കമ്പ്യൂട്ടർ വിദ്യാഭ്യാസം

ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്പ്യൂട്ടർ വിദ്യാഭ്യാസത്തിന് കേരളത്തിൽ വേണ്ടത്ര സീറ്റുകൾ ഇല്ലെന്ന പരാതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുവാൻ ഗവണ്മെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) പൊതുമേഖലയിലും സ്വകാര്യമേഖലയിലും ബി.എസ്.സി (കമ്പ്യൂട്ടർ) കോഴ്സിനും എം.ബി.എ കോഴ്സിനും എത്ര സീറ്റുകൾ വീതം ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ സീറ്റുകൾ വർദ്ധിപ്പിക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എവിടെയെല്ലാം; എത്ര വീതം;

(എഫ്) പുതുപ്പള്ളി ഐ.എച്ച്.ആർ.ഡി. സ്ഥാപനത്തിൽ എം.ബി.എ. കോഴ്സുകൾ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ വിഷയത്തിൽ പുതുതായി ഡിഗ്രി/ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) ഐ.എച്ച്.ആർ.ഡി.യുടെയും എ.ഐ.സി.ടി. യുടേയും ബന്ധപ്പെട്ട യൂണിവേഴ്സിറ്റിയുടെയും അംഗീകാരത്തിന് വിധേയമായി സീറ്റുകൾ വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

(ഇ&എഫ്) ചീമേനി (കാസർഗോഡ്), കൂത്തുപറമ്പ് (കണ്ണൂർ), കട്ടപ്പന (ഇടുക്കി) തൊടുപുഴ, കടുത്തുരുത്തി എന്നിവിടങ്ങളിൽ 40 സീറ്റുവീതം ബി. എസ്.സി കമ്പ്യൂട്ടർ സയൻസ് കോഴ്സും പുതുപ്പള്ളി അടൂർ, കോട്ടയം, വടക്കാഞ്ചേരി, കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിൽ 30 സീറ്റ് വീതമുള്ള എം.ബി.എ. കോഴ്സും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

121 (520) മുസ്ലീം/ന്യൂനപക്ഷ പിന്നോക്ക വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. എം.കെ. മുനീർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുസ്ലീം ന്യൂനപക്ഷ പിന്നോക്ക വിഭാഗങ്ങൾക്കും പിന്നോക്ക പ്രദേശങ്ങൾക്കും പ്രത്യേക പരിഗണന നൽകി ഇക്കൊല്ലം പ്രൊഫഷണൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുമോ;

(ബി) തൊഴിലധിഷ്ഠിത കോളേജുകളും സ്ഥാപനങ്ങളും അനുവദിക്കുമോ;

(സി) പ്ലസ് ടു അനുവദിച്ചത് സംബന്ധിച്ച പരാതി അവസാനിപ്പിക്കുന്നതിന് എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു?

ഉത്തരം

(എ) സർക്കാർ, അർദ്ധസർക്കാർ, യൂണവേഴ്സിറ്റി സഹകരണ മേഖലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുവാനാണ് ഇപ്പോൾ സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

(ബി) തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് പ്രാമുഖ്യം നൽകികൊണ്ടാണ് ഇപ്പോൾ കോഴ്സുകളും സ്ഥാപനങ്ങളും അനുവദിക്കുന്നത്.

(സി) നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly